# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1949

06-02-2019-ലെ മറുപടിയ്ക്ക്

**ജനസാന്ത്വനം പദ്ധതി**

| **ചോദ്യം**<br>**ശ്രീ. കെ.സി. ജോസഫ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) ജനസാന്ത്വനം പദ്ധതി എന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | 31.10.2016 ലെ G.O (P) No.165/2016/Fin ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് എന്ന പേരിൽ ഒരു പൊതു ക്ഷേമഫണ്ട് രൂപവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കിയിട്ടില്ല. |
| ബി) എന്തൊക്കെ കാര്യങ്ങൾക്ക് സഹായം നൽകുവാനാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്; ഇതിലേക്കായി ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അറിയിക്കാമോ; | വിദ്യാഭ്യാസ ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വൃദ്ധർ, മാറാരോഗികൾ, സാമ്പത്തികപ്രശ്നങ്ങളാൽ വഴിമുട്ടിയവർ, പീഡനങ്ങൾ ഏൽക്കേണ്ടിവന്നവർ, പുറംപോക്കിൽ താമസിക്കുന്നവർ എന്നിവരുടെ സമാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ, അങ്കണവാടികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ എന്നിവയുടെ പുനർനിർമ്മാണപ്രവർത്തനങ്ങൾ മുതലായ വിവിധ ആവശ്യങ്ങൾക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 'മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട്' എന്ന പദ്ധതി പ്രഖ്യാപിച്ചത്; ഈ പദ്ധതിയിലേക്ക് 3,48,650 എണ്ണം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഏതെങ്കിലും വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ സംഭാവന ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | സി.എച്ച് മുഹമ്മദ് കോയ എഡ്യൂക്കേഷൻ ട്രസ്റ്റിൽ നിന്നും 28.09.2016 ൽ പതിനായിരം രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. . ടി നിധിയിലേക്ക് മറ്റ് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവന ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**